# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3127** **14.03.2018 ലെ മറുപടിയ്ക്ക്**

## പുന്നപ്ര-വയലാർ സമരസേനാനികളുടെ പെൻഷൻ

| ചോദ്യം<br>ശ്രീ. എൽദോസ്.പി.കുന്നപ്പിള്ളിൽ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പുന്നപ്ര - വയലാർ സമരസേനാനികളെ സ്വാതന്ത്ര്യ സമര സേനാനികളായി കണക്കാക്കി അവർക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ; എന്ത് തുകയാണ് നിലവിൽ പെൻഷനായി അനുവദിക്കുന്നത്; | (എ) ഉണ്ട്. 6750/-രൂപയാണ് ഇപ്പോഴത്തെ അടിസ്ഥാന പെൻഷൻ തുക. ക്ഷാമബത്തയടക്കം നിലവിൽ ഇത് 11000/- രൂപയാണ്. |
| (ബി) പെൻഷൻ ആനുകൂല്യം ലഭിച്ചിരുന്ന പുന്നപ്ര വയലാർ സമരസേനാനികൾ മരണമടഞ്ഞാൽ കുടുംബപെൻഷൻ പ്രായ പൂർത്തിയായ അവരുടെ ആൺ മക്കൾക്ക് ലഭിക്കുന്നതിന് അർഹതയുണ്ടോ; | (ബി) ഉണ്ട്. പെൻഷൻ ആനുകൂല്യം ലഭിച്ചിരുന്ന മരണമടഞ്ഞ സ്വാതന്ത്ര്യ സമര സേനാനികളുടെ 75% ത്തിനു മുകളിൽ ശാരീരിക/ മാനസിക വൈകല്യമുള്ള ആൺ മക്കൾക്കു കൂടി തുടർപെൻഷന് അർഹതയുള്ളവരുടെ പട്ടികയിൽ ഉൾപ്പെടുത്തി 02.05.2012ലെ ജി.ഒ(പി) നം.92/12/പൊഭവ നമ്പർ ഉത്തരവ് പ്രകാരം കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (സി) നിലവിൽ ആർക്കെങ്കിലും ഇപ്രകാരം പെൻഷൻ നൽകുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) ഏറ്റവും അർഹതപ്പെട്ട വിഭാഗത്തിൽ ("Most deserving case")ഉൾപ്പെടുത്തി, 75% ത്തിനു മുകളിൽ ശാരീരിക/മാനസിക വൈകല്യമുള്ള താഴെ പറയുന്ന വ്യക്തികൾക്ക് തുടർ പെൻഷൻ അനുവദിച്ചിട്ടുണ്ട്.<br>ശ്രീ. സുഗുണൻ, നാഗനേഴത്ത്, തണ്ണീർമുക്കം. ചേർത്തല<br>ശ്രീ. ഇ. നവാസ്, കറ്റിക്കൽ വീട്, പുറക്കാട്, |

ശ്രീ. വി.ആർ.സതീശൻ, വൈശ്യം പറമ്പിൽ. പാതിരപ്പള്ളി ആലപ്പുഴ

ശ്രീ. രാജീവ് കുമാർ, കറ്റവീട്ടിൽ ചിറ, കണിച്ചുകുളങ്ങര, ചേർത്തല

ശ്രീ. സി.കെ. ഷാജി, ചിറയിൽ വീട്, തിരുമലഭാഗം പി.ഒ, തുറവൂർ, ചേർത്തല,

ശ്രീ. പി.കെതങ്കപ്പൻ, പനയ്ക്കൽ വെളിയിൽ വീട്, കണിച്ചുകുളങ്ങര പി.ഒ, മായിത്തറ, ചേർത്തല

ശ്രീ. റോഷൻ ചെറിയാൻ, മുക്കാട്ടതറ, കൈനകരി, ആലപ്പുഴ

| | |
|---|---|
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രത്യേക കേസായി പരിഗണിച്ച് പുന്നപ്ര-വയലാർ സമരസേനാനികളുടെ പ്രായപൂർത്തിയായ ഏതെങ്കിലും ആൺമക്കൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കാണ് അനുവദിച്ചതെന്നും അതിനുള്ള കാരണമെന്തെന്നും വിശദമാക്കുമോ? | (ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നതിന് ശേഷം, 07.09.2017 ലെ സ.ഉ (കൈ) നം. 209/17/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ശ്രീ.പി.കെ.തങ്കപ്പൻ പനയ്ക്കൽ വെളിയിൽ വീട്, കണിച്ചുകുളങ്ങര പി.ഒ, മായിത്തറ, ചേർത്തല എന്നയാൾക്ക്, ടിയാന്റെ മകൻ വെറും കൂലിപണിക്കാരനാണ് എന്ന തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസെന്ന നിലയ്ക്ക് കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ